# നായർ സർവീസ് സൊസൈറ്റിക്ക് തുടർച്ചയായി മൂന്നാമതും നബാർഡിന്റെ അംഗീകാരം

സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദേശീയ കൃഷിഗ്രാമവികസനബാങ്ക് (നബാർഡ്) കേരളത്തിലെ ഏറ്റവും മികച്ച സർക്കാരിതര സന്നദ്ധസംഘടനയ്ക്കായി ഏർപ്പെടുത്തിയ "സ്റ്റേറ്റ് ലെവൽ ബെസ്റ്റ് പെർഫോമിംഗ് എൻ.ജി.ഒ. അവാർഡ്" 2016-17 വർഷത്തിലെ പ്രവർത്തനങ്ങൾക്ക് നായർ സർവീസ് സൊസൈറ്റിക്ക് ലഭിച്ചു. 2014-15, 2015-16, 2016-17 സാമ്പത്തികവർഷങ്ങളിലെ തുടർച്ചയായ മൂന്നാമത്തെ അവാർഡാണ് ലഭിച്ചിരിക്കുന്നത്.

നായർ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങൾക്ക് ബാങ്കിൽ നിന്നും ലഭിച്ച ലിങ്കേജ് വായ്പാ, വായ്പ പ്രയോജനപ്പെടുത്തിയ രീതി, തിരിച്ചടവ് പുരോഗതി, സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനമികവ് മുതലായ കാര്യങ്ങൾ പരിഗണിച്ചാണ് ഇത്തവണയും അവാർഡ് നല്കിയിട്ടുള്ളത്. സ്ത്രീകളുടെ കൂട്ടായ്മയിലൂടെ ജീവിതഭദ്രതയും സുസ്ഥിരവരുമാനവും സമുദായത്തിന്റെയും നാടിന്റെയും സമഗ്രപുരോഗതിയുമാണ് വനിതാസ്വയംസഹായസംഘ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. 2006-ൽ ആരംഭിച്ച വനിതാസ്വയംസഹായസംഘപ്രവർത്തനം ഇന്ന്, 18500-ൽ അധികം ഗ്രൂപ്പുകളിലായി 1670 കോടി രൂപ സമ്പാദ്യത്തിലൂടെയും വായ്പയിലൂടെയും ലഭ്യമാക്കിയിട്ടുണ്ട്.

സാമ്പത്തികക്രയവിക്രയത്തിലൂടെയും തൊഴിൽസംരംഭങ്ങൾ ആരംഭിച്ചതിലൂടെയും മൂന്നു ലക്ഷത്തിലധികം കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സംഘപ്രവർത്തനത്തിലൂടെ സാധിച്ചു.

കുട്ടികൾക്ക് നല്ല വിദ്യാഭ്യാസം ലഭിക്കുന്നതിനും ആരോഗ്യപരിരക്ഷയ്ക്കും അടിസ്ഥാനസൗകര്യവികസനത്തിനും സ്ത്രീകളുടെ കൂട്ടായ്മയിലൂടെയുള്ള ഈ പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.

'നബാർഡി'ന്റെ പിന്തുണ സംഘപ്രവർത്തനങ്ങൾക്ക് ഏറെ ഊർജ്ജം പകർന്നിട്ടുണ്ട്. പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിലും സംരംഭകത്വഗ്രൂപ്പുകൾ ആരംഭിക്കുന്നതിലും സംഘങ്ങളുടെ തനത് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സ്ഥിരവിപണനകേന്ദ്രങ്ങളായ റൂറൽ മാർട്ടുകൾ അനുവദിച്ചു നല്കുന്നതിലും നബാർഡിന്റെ സഹായം ലഭിക്കുന്നുണ്ട്.

വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി കരയോഗതലങ്ങളിൽ ആരംഭിച്ച ആശ്രയ ഇ-സേവനകേന്ദ്രങ്ങളും കാർഷിക-കാർഷികാനുബന്ധമേഖലകളിലും സേവനമേഖലകളിലും ആരംഭിച്ച തൊഴിൽസംരംഭങ്ങളും സംഘപ്രവർത്തനത്തിൽ എടുത്തുപറയാവുന്ന നേട്ടങ്ങളാണ്.

തുടർച്ചയായ മൂന്നാമതുവർഷവും അവാർഡ് ലഭിച്ചതിനു പിന്നിൽ പ്രവർത്തിച്ച എൻ.എസ്.എസ്. സോഷ്യൽ സർവീസ് ഡിപ്പാർട്ടുമെന്റിനും താലൂക്ക് യൂണിയനുകൾ, മന്നം സോഷ്യൽ സർവീസ് സൊസൈറ്റികൾ, കരയോഗങ്ങൾ, വനിതാസമാജങ്ങൾ, വനിതാ സ്വയംസഹായസംഘങ്ങൾ എന്നിവയുടെ പ്രവർത്തകർക്കും താലൂക്ക് മേഖലാതല കോ-ഓർഡിനേറ്റർമാർക്കും സാമ്പത്തിക പിന്തുണ ലഭ്യമാക്കിയ ധനലക്ഷ്മിബാങ്ക് അധികൃതർക്കും എല്ലാവിധ അഭിനന്ദനങ്ങളും നേർന്നുകൊള്ളുന്നു.